# KPSTA

KERALA PRADESH SCHOOL TEACHERS ASSOCIATION

## സമരമുഖത്തേക്ക്



## ജൂലൈ 7 ന്
## ഉപജില്ലാ കേന്ദ്രങ്ങളിൽ
# ധർണ്ണ

# ആഗസ്റ്റ് 4 ഡി.പി.ഐ ഓഫീസ് മാർച്ച്

സുഹൃത്തേ,

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയുടെ സംരക്ഷകരെന്ന് മേനി നടിക്കുകയും പരോക്ഷമായി ഈ മേഖലയെ പതിയെ പതിയെ ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് കെ.പി.എസ്.ടി എ പ്രക്ഷോഭത്തിന്റെ കനൽ വഴികളിലേക്ക് കടക്കുകയാണ്. അധ്യാപകർ അനുഭവിച്ചു വരുന്ന അവകാശങ്ങൾ ഇല്ലാതാക്കുകയും ആനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്തു കൊണ്ട് അസംതൃപ്തരായ അധ്യാപക സമൂഹത്തെ സൃഷ്ടിക്കുകയാണ്, സർക്കാർ ചെയ്യുന്നത്. ഇത് കേരളത്തിലെ പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മയേയും നിലനിൽപ്പിനേയും പ്രതികൂലമായി ബാധിക്കും.

കെട്ടുകാഴ്ചകളിലെ ഗിമ്മിക്കുകൾ ഉപയോഗിച്ച് അധ്യാപകർക്കിടയിലെ അസംതൃപ്തി മറികടക്കാമെന്നത് സർക്കാരിന്റെ ദിവാസ്വപ്നം മാത്രമാണ്. ഉത്തരവുകളെ തെറ്റായി വ്യാഖ്യാനിച്ച് അധ്യാപകരുടെ ന്യായമായ അവകാശങ്ങൾ തടയുകയോ മരവിപ്പിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥ തലത്തിലെ ഗൂഢാലോചനകളും അധ്യാപക മേഖലയിൽ അസംതൃപ്തി പടർത്തുന്നുണ്ട്.

അധ്യാപക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് 2018 മെയ് 3 മുതൽ 5 വരെ സെക്രട്ടേറിയറ്റ് നടയിൽ നടത്തിയ ത്രിദിനസത്യഗ്രഹത്തിനു ശേഷവും നിഷേധനിലപാടു തുടരുന്ന സാഹചര്യത്തിൽ 2018 ജൂലൈ 7 ന് ഉപജില്ലാ കേന്ദ്രങ്ങളിൽ ധർണ്ണ നടത്താനും, പ്രശ്ന പരിഹാരമുണ്ടായില്ലെങ്കിൽ ആഗസറ്റ് 4 ന് ഡി.പി.ഐ ഓഫീസിലേക്ക് മാർച്ച് നടത്താനും സംസ്ഥാന സമിതി തീരുമാനിച്ചിരിക്കുന്നു. അധ്യാപകപക്ഷ നിലപാടുകൾ ഉയർത്തിപ്പിടിച്ച് കെ.പി.എസ്.ടി.എ. നടത്തുന്ന പ്രക്ഷോഭ പരിപാടികളിലേക്ക് താങ്കളുടെ സാന്നിധ്യവും സഹകരണവും അഭ്യർത്ഥിക്കുന്നു.

## കെ.പി.എസ്.ടി.എ. മുന്നോട്ടുവെക്കുന്ന ആവശ്യങ്ങൾ

- **വിദ്യാഭ്യാസ വകുപ്പിലെ അധ്യാപകദ്രോഹ നടപടികൾ അവസാനിപ്പിക്കുക**
- **സ്കൂൾ മാനേജർമാരുടെ ശിക്ഷാധികാരം എടുത്തുകളയുക.**
- **അധ്യാപക നിയമനങ്ങൾ അംഗീകരിച്ച് ശമ്പളം നൽകുക.**
- **ബ്രോക്കൺ സർവീസ് പ്രശ്നം പരിഹരിക്കുക.**
- **പ്രീ പ്രൈമറി മുതൽ ഹയർസെക്കന്ററി വരെയുള്ള അധ്യാപകരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുക.**
- **കുടിശ്ശിക ക്ഷാമബത്ത മുഴുവനായി അനുവദിക്കുക, ശമ്പള കമ്മീഷനെ നിയമിക്കുക**
- **ഉച്ചഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക.**
- **അംഗീകാരമില്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടുക**
- **സംസ്ഥാനത്തിനുള്ള വിദ്യാഭ്യാസ വിഹിതം വെട്ടിക്കുറച്ച കേന്ദ്രസർക്കാർ നടപടി തിരുത്തുക.**
- **പാക്കേജിൽ ഉൾപ്പെട്ട അധ്യാപകരുടെ മുൻകാല സർവീസുകൾ പരിഗണിക്കുക.**
- **എല്ലാ സ്കൂളുകളിലും കംപ്യൂട്ടർ അധ്യാപകരെ നിയമിക്കുക.**
- **ഭാഷാ, സ്പെഷ്യലിസ്റ്റ് അധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുക. എൽ.പി 1: 25 യു.പി 1:30, എച്ച്.എസ് 1:35, എച്ച്.എസ്.എസ് 1:40 അനുപാതമാക്കുക.**
- **മുഴുവൻ പ്രധാന അധ്യാപകരേയും, പ്രിൻസിപ്പാൾമാരേയും ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുക.**
- **വിദ്യാഭ്യാസ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ അദാലത്തുകൾ സംഘടിപ്പിക്കുക.**
- **പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ ഓഫീസർ തസ്തിക സൃഷ്ടിച്ച് പ്രൈമറി ഹെഡ്മാസ്റ്റർമാർക്ക് പ്രമോഷൻ നൽകുക**
- **ജില്ലാന്തര സ്ഥലംമാറ്റം ലഭിച്ചവരുടെ സർവീസ് പരിഗണിക്കുക**
- **ക്ലാസ് അടിസ്ഥാനത്തിൽ അധ്യാപക വിദ്യാർത്ഥി അനുപാതം തിട്ടപ്പെടുത്തുമ്പോൾ 120 കഴിഞ്ഞാൽ 200 വരെ പുതിയ ഡിവിഷൻ അനുവദിക്കാത്ത നടപടി തിരുത്തുക.**
- **റിസോഴ്സ് അധ്യാപകർക്ക് നിയമനം നൽകുക. വെട്ടിക്കുറച്ച ശമ്പളം പുനഃസ്ഥാപിക്കുക.**

............................................................................................................... **ഉപജില്ലാ ധർണ്ണ** ..........................................................................................

സ്ഥലത്തുവെച്ച് നടത്തുന്നതാണ്. **അധ്യാപകർ 10 മണിക്ക് മുമ്പായി എത്തിച്ചേരുക**

| ............................................ | ............................................ | ............................................ |
|---|---|---|
| *പ്രസിഡന്റ്* | *സെക്രട്ടറി* | *ട്രഷറർ* |